**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1567** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിലെ കായിക വികസന പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലത്ത് കായിക വകുപ്പിന് കീഴിൽ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** മുൻ സർക്കാരിന്റെ കാലത്ത് കായിക വകുപ്പിന് കീഴിൽ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

**(ബി)** പ്രസ്തുത മണ്ഡലത്തിൽ നിലവിൽ നടന്നു കൊണ്ടിരിക്കുന്നതും ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ കായിക വികസന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** പ്രസ്തുത മണ്ഡലത്തിൽ നിലവിൽ പദ്ധതികളൊന്നും നടന്നു വരുന്നില്ല. കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു .

**(സി)** നിലവിൽ നടന്നു കൊണ്ടിരിക്കുന്ന കായിക വികസന പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

| നം | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | പനത്തടി ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട് | 04.02.2026 തീയ്യതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം. 26/2026/കാ.യു.വ. പ്രകാരം പ്രസ്തുത പദ്ധതി ഒരുപഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിച്ചിരുന്നു. എന്നാൽ ടി പ്രവൃത്തിക്കായി ഗ്രാമപഞ്ചായത്ത് നിർദ്ദേശിച്ച സ്ഥലം ചരിഞ്ഞ കുന്നിൻ പ്രദേശമായതിനാൽ ടി പദ്ധതി പ്രസ്തുത സ്ഥലത്ത് നടപ്പിലാക്കുവാൻ സാധിക്കുകയില്ല. ആയതിനാൽ പ്രസ്തുത പ്രവൃത്തിക്കായി പഞ്ചായത്ത് പുതിയ സ്ഥലം നിർദ്ദേശിച്ച ശേഷം ടി പ്രവൃത്തിയുടെ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.എന്ന് SKF അറിയിച്ചിട്ടുണ്ട്. |
| 2 | മാലോത്ത് കസബ ജി.എച്ച്.എസ്.എസ്. | 04.02.2026 തീയ്യതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം. 26/2026/കാ.യു.വ. പ്രകാരം പ്രസ്തുത പദ്ധതി ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് തുക അനുവദിച്ച് കൊണ്ട് ബഹു. എം.എൽ.എ.യുടെയോ, ജില്ലാ കളക്ടറുടേയോ കത്ത് ലഭിച്ച ശേഷം ടി പ്രവൃത്തിയുടെ ഭരണാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതാണ് എന്ന് SKF അറിയിച്ചിട്ടുണ്ട്. |